## കോഴിക്കോട് സർവ്വകലാശാലയിലെ ഗവേഷകർക്ക് ധനസഹായം

112 [3002] ശ്രീ. എ. സുജനപാൽ :
,, ജി. പ്രതാപവർമ്മ തമ്പാൻ :
,, വർക്കല കഹാർ :

ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാലയ്ക്ക് വിദേശത്ത് നിന്നും പണം ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ;

(ബി) ഏതെല്ലാം വിദേശ രാജ്യങ്ങളിൽ നിന്നാണ് പണം ലഭിക്കുന്നത്;

(സി) എന്തെല്ലാം കാര്യങ്ങൾക്ക് വേണ്ടിയാണ് ഈ പണം വിനിയോഗിക്കപ്പെടുന്നത്;

(ഡി) പ്രസ്തുത സർവ്വകലാശാല ഈ പണം വിനിയോഗിച്ച് എന്തെല്ലാം ഗവേഷണ പ്രവർത്തനങ്ങൾ നടത്തി;

(ഇ) ഒറ്റമൂലി ചികിൽസ, ഗിരിജനങ്ങളുടെ നാട്ടറിവുകൾ മുതലായവയെപ്പറ്റി ഗവേഷണം നടത്തിയിട്ടുണ്ടോ;

(എഫ്) ഇതുവരെ ഗവേഷണം നടത്തി തീസിസുകൾ സമർപ്പിച്ചവർക്ക് ധന സഹായം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്കെല്ലാം എന്ന് വിശദീകരിക്കാമോ?

### ഉത്തരം

(എ) ഉണ്ട്. ഏകദേശം പത്തു വർഷം മുമ്പു മുതൽ.

(ബി) അമേരിക്കയിൽ നിന്നു മാത്രം.

(സി) ഗവേഷണ പ്രവർത്തനങ്ങൾക്കുവേണ്ടി.

(ഡി) ഫോക്ക്‌ലോറിൽ ഗവേഷണവും ഡോക്യുമെന്റേഷനും വേണ്ടി ഫോർഡ് ഫൗണ്ടേഷനിൽ നിന്നുള്ള പണവും ജന്തുശാസ്ത്ര ഗവേഷണത്തിൽ യു. എസ്. ഡിപ്പാർട്ട്മെന്റ് ഓഫ് അഗ്രിക്കൾച്ചറിൽ നിന്നുള്ള പണവും വിനിയോഗിച്ചു.

(ഇ) ഇല്ല.

(എഫ്) വിദേശപണം ഗവേഷണം നടത്തുന്നവർക്ക് നൽകിയിട്ടില്ല.



LIBRARY ARCHIVES Kerala Legislative Assembly